(ബി) പ്രസ്തുത സംരംഭവുമായി ബന്ധപ്പെടുത്തി കഴിഞ്ഞ ഓരോ ബഡ്ജറ്റിലും അനുവദിച്ച തുക എത്രയെന്നും ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക എത്രയെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ ;

(സി) തെങ്ങുകൃഷി പുനർജീവന പദ്ധതി നിലനിർത്തിയിട്ടുണ്ടോ ; ഇപ്രകാരം എത്ര ലക്ഷം തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിലാണ് പ്രഖ്യാപനം നടത്തിയിട്ടുള്ളത്.ഈ സംരംഭം കൃഷി വകുപ്പിലൂടെ പ്രാബല്യത്തിൽ വരുത്തിയിട്ടില്ല.

(ബി) 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത സംരംഭവുമായി ബന്ധപ്പെടുത്തി കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

റബ്ബർ വില സംരക്ഷണം

145 (3350) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റബ്ബർ കർഷകർക്ക് വില സംരക്ഷണത്തിനായി സർക്കാർ എത്ര തുക നീക്കി വച്ചിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; സംസ്ഥാനത്ത് എത്ര റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് റബ്ബർ കർഷകർക്ക് വിലസംരക്ഷണത്തിനായി 25-2-2014 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 56/2014/കൃഷി പ്രകാരം നടപ്പിലാക്കിയ റബ്ബർ സംഭരണ പദ്ധതിയിൽ, സംഭരണ ഏജൻസികളായ റബ്ബർമാർക്കിനും മാർക്കറ്റ് ഫെഡിനും കൈകാര്യച്ചെലവിനായി 4 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

2013-14-ൽ സഹകരണ സംഘം രജിസ്ട്രാർക്ക് നല്കിയിട്ടുണ്ട്. 2014-15-ൽ റബ്ബർ സംഭരണത്തിനായി സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും റബ്ബർമാർക്കിനും ആകെ 12 കോടി രൂപ നൽകിയിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 10-12-2015 വരെ 46.30 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. 10-12-2015 വരെ 3,07,594 റബ്ബർ കർഷകർ ഈ പദ്ധതിയിൻകീഴിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സബ്സിഡിയിനത്തിൽ ലഭ്യമാക്കിയ തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ജില്ല	സബ്സിഡി തുക (കോടിയിൽ)
തിരുവനന്തപുരം	2.08
കൊല്ലം	4.21
ആലപ്പുഴ	0
പത്തനംതിട്ട	2.88
കോട്ടയം	7.27
ഇടുക്കി	2.66
തൃശ്ശൂർ	1.65
എറണാകുളം	4.31
പാലക്കാട്	4.41
മലപ്പുറം	6.24
കോഴിക്കോട്	1.52
കണ്ണൂർ	5.91
വയനാട്	0
കാസർഗോഡ്	3.16
ആകെ	46.30

LIBRARY ARCHIVES Kerala Legislative Assembly